KSEB
കേരളത്തിന്റെ ഊർജ്ജം
ഊർജ്ജ കേരള മിഷൻ
150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(ഇന്ത്യൻ കമ്പനീസ് ആക്ട് 1956 പ്രകാരം രൂപീകൃതം)
**ഉത്തരമേഖല വൈദ്യുതി വിതരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം,**
**വൈദ്യുതി ഭവനം, ഗാന്ധി റോഡ്, കോഴിക്കോട്, കേരളം – 673011**
ഫോൺ നമ്പർ : 0495-2766962, 2766741, ഫാക്സ് : 0495-2766988
ഇ മെയിൽ : cednkseb@gmail.com, cedn@ksebnet.com
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004
വെബ് സൈറ്റ് : www.kseb.in , CIN : U40100KL2011SGC027424

നമ്പർ: ജിബി/MR/2020-21/1095 തീയ്യതി: 24.09.20.

## പരിപത്രം

വിഷയം:- **മെഡിക്കൽ റീ ഇംബേഴ്സ് മെന്റ് ബില്ലിലെ അപാകതകൾ പരിഹരിക്കുന്നതി - നുള്ള നിർദ്ദേശം – സംബന്ധിച്ച്:-**

സൂചന:- 1. Board Circular No. GB4/Misc/1/99 dtd. 16-11-1999.
2. This office direction as per Lr. No. GB1/MR/2016-17/651 dtd. 27-06-2016.

സൂചനയിലെ ബോർഡ് സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം എല്ലാ വസ്തുതകളും പാലിച്ചുകൊണ്ടായിരിക്കണം മെഡിക്കൽ ബില്ലുകൾ സമർപ്പിക്കേണ്ടത്. ജീവനക്കാരുടെ ചികിത്സാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ യഥാവിധം തയ്യാറാക്കാത്തതുകൊണ്ടും, വേണ്ടവിധം പരിശോധിക്കാതെ സമർപ്പിക്കുന്നതുകൊണ്ടും, കാലതാമസമുണ്ടാകുന്നതായും അനാവശ്യമായ ചെലവുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപെട്ടിരിക്കുന്നു. അപേക്ഷകരും അപേക്ഷകൾ പരിശോധിക്കുന്ന ജീവനക്കാരും ഈ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പൂർണ്ണമായും പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രമേ അപേക്ഷകൾ മേൽ കാര്യാലയങ്ങളിലേക്ക് സമർപ്പിക്കാവൂ എന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

1. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്(അനിവാര്യതാപത്രം) ബോർഡ് നിർദ്ദേശിച്ച അതേ ഫോർമാറ്റിലായിരിക്കണം. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ ആദ്യ പേജിലും തുടർച്ചയായി വരുന്ന ഓരോ പേജിലും ക്രമനമ്പർ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. എല്ലാ അർത്ഥത്തിലും ആദ്യ പേജിന്റെ തുടർച്ചയായിരിക്കണം തുടർന്നുള്ള പേജുകൾ.
2. മെഡിക്കൽ ബില്ലിലെ ഓരോ ഇനവും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിലെ അതത് ഇനവുമായി ഒത്തു നോക്കി കൃത്യത വരുത്തിയാണ് അർഹതപ്പെട്ട തുകയ്ക്ക് അനുമതി നൽകുന്നത്. അതുകൊണ്ട് ബില്ലുകൾ തീയ്യതി ക്രമത്തിൽ അടുക്കി വെക്കേണ്ടതും ബില്ലിലെ ഓരോ ഇനവും അതേ ക്രമത്തിൽ തന്നെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. മേൽ പറഞ്ഞ പ്രകാരമല്ലാതെ ആശുപത്രിയിൽ നിന്നും പ്രിന്റ് ചെയ്തു കൊടുക്കുന്ന എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ മെഡിക്കൽ ബില്ലിലെ ക്രമനമ്പർ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിലെ അതതു ഇനത്തിനുനേരേ രേഖപ്പെടുത്തി സൂചന (Cross reference) നൽകേണ്ടതാണ്.
3. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിലുള്ള തിരുത്തലുകൾ ഡോക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ് (ഡോക്ടറുടെ ഒപ്പും സീലും നിർബന്ധമായും ഉണ്ടായിരിക്കണം)

4. അപേക്ഷയിലെ ഓരോ ഇനവും പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപൂർണ്ണമായ അപേക്ഷകൾ പ്രാഥമിക പരിശോധനയിൽ തന്നെ നിരസിക്കേണ്ടതാണ്.
5. സർക്കാർജീവനക്കാരോ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അർഹതയുള്ള മേഖലയിൽ ജോലി ചെയ്യുന്നവരോ ആയ ഭാര്യയുടേയോ ഭർത്താവിന്റെയോ പേരിലുള്ള ക്ലെയിമുകളിൽ ജോയന്റ് ഡിക്ലറേഷൻവാങ്ങി സർവീസ് ബുക്കിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം കത്തിൽ ( Covering Letter) രേഖപ്പെടുത്തേണ്ടതുമാണ്.
6. അപേക്ഷയിൽ ബില്ലുകളുടേയും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ പേജുകളുടേയും എണ്ണം അപേക്ഷയിലെ ക്രമനമ്പർ 15ന്റ നേരെ രേഖപ്പെടുത്തിയിരിക്കണം. കവറിംഗ് ലെറ്ററിലും ആയത് കൃത്യമായി രേഖപ്പെടുത്തിയിരിക്കണം
7. അപേക്ഷ തിയ്യതി, ചികിത്സാ കാലാവധിയുടെ മൂന്നുമാസത്തിനകമാണെന്നുറപ്പ് വരുത്തിയിരിക്കണം.
8. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൽ (അനിവാര്യതാപത്രം) ചികിത്സാ കാലാവധിയും രോഗവിവരങ്ങളും കൃത്യമായും വ്യക്തമായും രേഖപ്പെടുത്തിയിരിക്കണം.
9. അനിവാര്യതാപത്രത്തില് കാണിച്ചിരിക്കുന്ന കാലയളവിലെ യഥാർത്ഥ ബില്ലുകൾ മാത്രമേ അപേക്ഷയില് ഉൾക്കൊള്ളിക്കാവൂ (ഡ്യൂപ്ലിക്കേറ്റ് ബില്ലുകള് യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.)
10. അനിവാര്യതാപത്രത്തിന്റെ എല്ലാ പുറങ്ങളിലും ഡോക്ടറുടെ ഒപ്പ്, സീല്, റൗണ്ട് സീല്, തിയ്യതി മുതലായവ നിർബന്ധമായും ഉണ്ടായിരിക്കണം.
11. എല്ലാ ക്യാഷ് ബില്ലുകളിലും സ്ഥാപനത്തിന്റെ cash received സീലും, പുറകിലായി ജീവനക്കാരൻ പണമടച്ചതായ പ്രസ്താവനയും (Paid by me) രേഖപ്പെടുത്തി ഒപ്പുവെക്കണം. ക്രെഡിറ്റ് ബില്ലുകളുടെ കാര്യത്തിൽ അഡ്വാൻസ് ആയി പണമടച്ചതിന്റെ അസ്സൽ രശീതികൾ ഹാജരാക്കണം.
12. എല്ലാ ക്യാഷ് ബില്ലുകളിലും. താഴെപറയുന്ന സർട്ടിഫിക്കറ്റുകൾ ഡോക്ടര് സാക്ഷ്യപ്പെടുത്തി- യിരിക്കണം.
    - Prescribed by me and administered to.................... (name of patient)
    - Certified that the cost of medicines charged in this bill is not more than the market rates of those medicines prevailing in this locality, and the cost of injections does not include injection charges. (ആശുപത്രിയില് നിന്നും നൽകുന്ന ബില്ലുകൾക്കു മാത്രം).
13. എല്ലാ ക്യാഷ് ബില്ലുകളിലും രോഗിയുടെ പേരും ചികിത്സിച്ച ഡോക്ടറുടെ പേരും ഉണ്ടായിരിക്കണം. അത് വിട്ട് പോയിട്ടുണ്ടെങ്കില് ഡോക്ടറോ ആശുപത്രി അധികൃതരോ ബന്ധപ്പെട്ട മെഡിക്കൽ ഷോപ്പിൽ നിന്നോ എഴുതി ചേർത്ത് സാക്ഷ്യപ്പെടുത്തിയിരിക്കണം.
14. പ്രത്യുല്പാദന സങ്കേതിക വിദ്യ (ART) ക്ലെയിമുകൾക്കുള്ള അപേക്ഷകൾ അയയ്ക്കുമ്പോൾ മുൻപ് ക്ലെയിം ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ, എത്ര രൂപ ക്ലെയിം ചെയ്തു എന്നും രേഖപ്പെടുത്തിയ സർവ്വീസ് ബുക്കിലെ പേജുകളുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. (ഇത്തരം ചികിത്സകൾക്കുള്ള ബില്ലുകൾ റീഇമ്പേഴ്സ് ചെയ്യുന്നതിന് ചികിത്സകളുടെ

എണ്ണത്തിനും (3 തവണ) ആകെ അനുവദനീയമായ തുകയ്ക്കും പരിധി നിശ്ചയിച്ചിട്ടുണ്ട് (ആകെ 3 ലക്ഷം രൂപ വരെ , ഒരു തവണ ഒന്നര ലക്ഷം രൂപവരേയും) ആയതിനാൽ ഒരു തവണ നടത്തുന്ന ചികിത്സയുടെ മുഴുവൻ ബില്ലുകളും ഒരുമിച്ച് സമർപ്പിക്കേണ്ടതാണ്. ഇത്തരം ബില്ലുകൾ ഘട്ടംഘട്ടമായി (piecemeal) സമർപ്പിക്കുന്നത്, ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിരുദ്ധമാണ്.

15. അയ്യായിരം രൂപയിൽ കൂടുതൽ ഉള്ള ക്യാഷ് ബില്ലുകളിലും അഡ്വാൻസ് രശീതികളിലും റെവന്യൂ സ്റ്റാമ്പ് പതിച്ചിരിക്കണം.
16. തിരിച്ചു നൽകിയ മരുന്നുകളുടെ വില ക്യാഷ് ബില്ലുകളിലും അനിവാര്യതാപത്രത്തിലും കുറവു വരുത്തിയിരിക്കണം.
17. ഒന്നിലധികം ഡോക്ടർമാർ ചികിത്സിച്ചിട്ടുണ്ടെങ്കിൽ "അവർ രോഗിയെ ചികിത്സിച്ചിരുന്നുവെന്നും, എന്നാൽ അനിവാര്യതാപത്രത്തിലും ബില്ലുകളിലും ചുമതലപ്പെടുത്തിയ ഡോക്ടർ ഒപ്പിട്ടിരിക്കുന്നു" എന്നും കാണിക്കുന്നതുമായ സാക്ഷ്യപത്രം ആശുപത്രി അധികാരികളിൽ നിന്നും വാങ്ങി ഹാജരാക്കിയിരിക്കണം.
18. ആയുർവേദ, ഹോമിയോ ചികിത്സാ രീതികളില് സർക്കാർ ആശുപത്രികളിലെയും, ബോർഡ് അംഗീകരിച്ച ആശുപത്രികളിലെയും ചികിത്സക്കുമാത്രമേ ആനുകൂല്യം അനുവദിക്കു.
19. മാതാപിതാക്കൾക്കുള്ള ചികിത്സാനുകൂല്യങ്ങൾ അവകാശപ്പെടുന്നവർ മാതാപിതാക്കൾ തങ്ങളുടെ ആശ്രിതരാണെന്നും അവർക്ക് മറ്റു വരുമാനമാർഗ്ഗങ്ങളില്ല എന്നും ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്.
20. ഓഫീസുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിശോധനകൾക്കുശേഷം സൂക്ഷ്മപരിശോധനാസാക്ഷ്യപത്രം(Scrutiny Certificate) അനിവാര്യതാപത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്. സൂക്ഷ്മപരിശോധനാസാക്ഷ്യപത്രം (Scrutiny Certificate) മാത്രം തുന്നിച്ചേർക്കുന്നത് സ്വീകാര്യമല്ല.
21. തുടർചികിത്സയുള്ള അപേക്ഷകളിൽ മുൻചികിത്സയുടെ അവസാന തിയ്യതി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം (അപേക്ഷയിലെ ക്രമനമ്പർ 12(ii) തുടർചികിത്സയുള്ള അപേക്ഷകളിലെ അനിവാര്യതാപത്രത്തിൽ "Bill pertaining to prior periods are not included in this claim" എന്ന് കൂടി സൂക്ഷ്മ പരിശോധനാ സാക്ഷ്യപത്രത്തോടൊപ്പം ചേർത്തിരിക്കണം.
22. ആശുപത്രികളിൽ കിടന്നു ചികിത്സ തേടിയ സന്ദർഭങ്ങളിൽ ഡിസ്ചാർജ് സമ്മറിയുടെ ഒരു പകർപ്പ് അപേക്ഷയുടെ കൂടെ ചേർത്തിരിക്കണം.
23. സർജറിയുടെ ഭാഗമായി രോഗിയിൽ ഘടിപ്പിക്കുന്ന (surgical implants) സ്റ്റെന്റ് പ്ലെയിറ്റ്, സ്ക്രൂ മുതലാവയവയുടെ അസ്സൽ ബിൽ ഹാജരാക്കേണ്ടതാണ്. സർജിക്കൽ ഇം പ്ലാന്റ്സിന്റെ വിശദ വിവരം ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ലയെങ്കിൽ ആശുപത്രി അധികാരികളിൽ നിന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
24. മുൻകൂർ ചികിത്സാചെലവ് (മെഡിക്കൽ അഡ്വാൻസ്) ബോർഡിൽ നിന്നും കൈപറ്റിയ ചികിത്സയുടെ ബില്ലുകളിൽ പ്രസ്തുത വിവരം ബില്ലിനോടൊപ്പമുള്ള കത്തിൽ

രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത ഉത്തരവിലെ നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം അഡ്ജസ്റ്റ്മെന്റ് ക്ലെയിം സമർപ്പിക്കേണ്ടത്..

25. പ്രസ്തുത ബില്ലുകളിൽ പ്രാഥമിക പരിശോധന നടത്തി അനുവദനീയമായ തുക കിഴിച്ച് ബാക്കിതുക ബോർഡിൽ അടവാക്കിയ രശീതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

26. മെഡിക്കൽ അഡ്വാൻസ് കൈപ്പറ്റിയുള്ള ചികിത്സയുടെ ബില്ലുകൾ അനുവദനീയമായ സമയ പാരിധിക്കുള്ളിൽ (മൂന്നു മാസത്തിനകം) സമർപ്പിച്ചിട്ടില്ലെങ്കിൽ ചികിത്സ അവസാനിച്ച തീയ്യതി മുതൽ ചെലവഴിക്കാത്ത തുകയ്ക്ക് 18% പലിശ അടയ്ക്കേണ്ടതും ആയതിന്റെ രശീതിയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി ചികിത്സാനുകൂല്യങ്ങൾക്കുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും പ്രസ്തുത വിവരം കത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

27. അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് പൂർത്തിയാക്കി ജാമ്യക്കാരെ വിടുതൽ നൽകുന്ന ഉത്തരവിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

28. തിരുത്തലിനുവേണ്ടി തിരിച്ചയക്കുന്ന ബില്ലുകൾ വീണ്ടും സമർപ്പിക്കുമ്പോൾ തിരുത്തൽ വരുത്തിയ വിവരം ഇനം തിരിച്ച് വിശദമായി രേഖപ്പെടുത്തേണ്ടതാണ്.

29. ലബോറട്ടറി പരിശോധനയുടെ ബില്ലുകളും ഇൻപേഷ്യന്റ് ബില്ലുകളും മറ്റും ഡിസ്ചാർജ്ജ് ബില്ലിൽ വീണ്ടും രേഖപ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ വട്ടമിട്ട് ഒഴിവാക്കി സൂചന (Cross reference) നൽകേണ്ടതാണ്.

30. മെഡിക്കൽബില്ലിൽ ഡോക്ടർ സർട്ടിഫൈ ചെയ്യുന്നത് ക്രമ ബന്ധമായിരിക്കേണ്ടതാണ്. അതായത് മെഡിക്കൽ ബില്ലിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റിന് താഴെയായിട്ടാണ് ഡോക്ടറുടെ ഒപ്പും സീലും പതിക്കേണ്ടത്.

31. അർഹതയില്ലാത്ത അപേക്ഷകൾ സമർപ്പിക്കുന്ന ജീവനക്കാർ അച്ചടക്കനടപടിക്ക് വിധേയരാവുന്നതായിരിക്കും.

ചികിത്സാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ യഥാവിധം സമർപ്പിക്കേണ്ടത് ജീവനക്കാരന്റെയും, കാലതാമസം കൂടാതെ പരിശോധിച്ച് അനുവാദം നൽകുന്നത് ബന്ധപ്പെട്ട കാര്യാലയങ്ങളുടെയും ഉത്തരവാദിത്തമാണ്. അപേക്ഷകൾ അയക്കുന്നതിനും തിരിച്ചയക്കുന്നതിനും രെജിസ്റ്റേർഡ് തപാലിനും മറ്റുമായി ബോർഡ് ചെലവുകൾ വഹിക്കുന്നു. അതിനാൽ തെറ്റായ അപേക്ഷകൾ സമർപ്പിക്കപ്പെടാതിരിക്കാനും പാഴ്ചെലവുകൾ ഉണ്ടാകാതിരിക്കാനും അപേക്ഷകനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ
ഉത്തരമേഖല വൈദ്യുതി വിതരണം
കോഴിക്കോട്

പകർപ്പ്: ഉത്തരമേഖല വൈദ്യുതി വിതരണം ചീഫ് എഞ്ചിനീയറുടെ പരിധിയിലുള്ള എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

പി ആർ/12